# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 29 10/12/2012 ൽ മറുപടിയ്ക്ക്

**ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് ശാസ് ത്രീയ മാർഗ്ഗങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻചാണ്ടി |
| ശ്രീ. റ്റി.യു. കുരുവിള | (ബഹു: മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ ചുരുങ്ങിയ സമയം കൊണ്ട് തീർപ്പ് കല്പിക്കുന്നതിന് എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (എ) | കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ നടത്തിവരുന്നു. കൂടാതെ എല്ലാ സർക്കാർ വകുപ്പുകളിലേയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം നടത്തി പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | നിലവിലുള്ള രീതികൾ ശാസ് ത്രീയമായി പരിഷ്ക്കരിച്ച് ഫയലുകളും അപേക്ഷകളും തീർപ്പ് കല്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി). | ഡി.ഡി.എഫ്.എസ് , ഇ- ഓഫീസ് തുടങ്ങിയ രീതികളിലുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഫയലുകളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |
| (സി) | ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് സമയ പരിധി നിശ്ചയിക്കുകയും ജനങ്ങൾക്ക് കാലതാമസം കൂടാതെ നീതി ലഭിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പു കല്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ